പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 192 — 26/09/2011 ൽ മറുപടിക്ക്

## സബ്സിഡി നിരക്കിലുള്ള അരി വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കിലോ അരി നല്കുന്ന സർക്കാർ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും സംസ്ഥാനത്തെ എത്ര കാർഡ് ഉടമകൾക്ക് ഈ പദ്ധതിയുടെ അർഹതയുണ്ടെന്നും വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ 20.57 ലക്ഷം ബി.പി.എൽ/ എ.എ.വൈ കുടുംബങ്ങൾക്ക് 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. 14.61 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് 25 കിലോ അരിയും 5.96 ലക്ഷം എ.എ.വൈ കുടുംബങ്ങൾക്ക് 35 കിലോ അരിയും 1/- രൂപ നിരക്കിൽ നല്കി വരുന്നു. കൂടാതെ സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ ഓരോ അന്തേവാസിക്കും ഒരു രൂപ നിരക്കിൽ 7 സഴ വീതം അരി വിതരണം ചെയ്തു വരുന്നു. |
| (ബി) കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ 25 കിലോ അരി നൽകുന്ന സർക്കാർ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും സംസ്ഥാനത്തെ എത്ര കാർഡ് ഉടമകൾക്ക് ഈ പദ്ധതിയുടെ അർഹതയുണ്ടെന്നും വെളിപ്പെടുത്തുമോ ; | (ബി) എ.പി.എൽ. വിഭാഗത്തിൽ പെട്ട 42.86 ലക്ഷം കുടുംബങ്ങൾക്ക് താഴെപറയുന്ന നിബന്ധന കൾക്കു വിധേയമായി 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു വരുന്നു.<br>1. രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ള കുടുംബങ്ങൾ<br>2. പ്രതിമാസം 25000/- രൂപയിൽ കുറഞ്ഞ കുടുംബ വരുമാനമുള്ളവർ<br>3. 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ |

| | |
|---|---|
| (സി) ഓരോ പദ്ധതിയും നടപ്പാക്കുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന ചെലവ് എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ ; ഈ വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തപ്പെട്ടിട്ടുണ്ട്. | (സി) 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിക്കു വേണ്ടി ഈ സാമ്പത്തിക വർഷം 162.72 കോടി രൂപയുടെ ചെലവു പ്രതീക്ഷിക്കുന്നു. 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിക്കു വേണ്ടി 484.11 കോടി രൂപയുടെ ചെലവു പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ ആകെ സബ്സിഡി ഇനത്തിൽ ഏകദേശം 650 കോടി രൂപയുടെ ചെലവു പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 450 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) പദ്ധതികൾക്ക് ഇതിനകം എത്ര കോടി രൂപയുടെ ബാദ്ധ്യത ഉണ്ടായിട്ടുണ്ട് ? | (ഡി) 2011-12 വർഷത്തിൽ സബ്സിഡിയിനത്തിൽ 288.74 കോടി രൂപ രൂപയുടെ ബാദ്ധ്യത ഇതിനകം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.